# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോ–ഓർഡിനേഷൻ സമിതി

**13.06.2012 വൈകുന്നേരം 5 മണിമുതൽ ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിയേറ്റ് നോർത്ത് കമ്മിറ്റി ഹാളിൽ കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ നടപടിക്കുറിപ്പ്**

**1.** 23.05.2012–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2.** പൊതു വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക തീരുമാനങ്ങൾ ഉണ്ടായില്ല.

**3. പ്രത്യേക വിഷയങ്ങൾ**

**3.1 തിരുവനന്തപുരം കോർപ്പറേഷൻ (ഫയൽ നം.28092/ഡി.സി2/12/തസ്വഭവ)തീയതി.13/6/12**

കോസ്റ്റ്ഫോർഡ് എഗ്രിമെന്റിനൊപ്പം ഹാജരാക്കുന്ന ടൈം ഷെഡ്യൂൾ പ്രകാരം നിർമ്മാണം പൂർത്തീകരിക്കുകയാണെങ്കിൽ ടി കാലയളവിൽ പുതിയ ഷെഡ്യൂൾ നിരക്ക് നിലവിൽ വരുന്ന സമയത്തിനു ശേഷം ആരംഭിക്കുന്ന പ്രവൃത്തികൾക്ക്, ഷെഡ്യൂൾ നിരക്ക് വർദ്ധനയ്ക്ക് ആനുപാതികമായ പെർസന്റേജ് ഇൻക്രീസ് ഇൻസെന്റീവ് ആയി നൽകുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കോഴിക്കോട് കോർപ്പറേഷൻ (ഫയൽ നം.18212/ആർ.സി.1/12/തസ്വഭവ) തീയതി.13/6/12**

ഭൂമി ഏറ്റെടുത്ത വകയിൽ 10 കോടി രൂപ ലാൻഡ് അക്വിസിഷൻ ഡിപ്പാർട്ട്മെന്റിന് നൽകാനുള്ളത് പശ്ചാത്തല മേഖലയിൽ നിന്ന് അടവാക്കുന്നതിന് അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമാരുടെ ആവശ്യങ്ങൾ – നിവേദനം**
**(ഫയൽ നം. 23962/ഡി.ബി.3/12തസ്വഭവ) തീയതി.13/6/12**

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമാർക്ക് ഉപയോഗിക്കുന്നതിന് വാഹനങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ വിമുഖത കാണിക്കുന്ന സെക്രട്ടറിമാരോട് വിശദീകരണം ആവശ്യപ്പെടണം എന്ന അഭ്യർത്ഥനയിൻമേൽ എവിടെയെല്ലാം ക്രമീകരിച്ചിട്ടുണ്ട് എന്ന് ഒരാഴ്ചയ്ക്കകം അന്വേഷിച്ച്, നടപ്പിലാക്കാത്തവരോട് വിശദീകരണം ചോദിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്(ഫയൽ നം. 16090/ഡി.ഡി2/12/തസ്വഭവ) തീയതി.13/6/12**

എസ്.ജി.ആർ.വൈ. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ 2005–06 ൽ ഏറ്റെടുത്ത് പൂർത്തീകരിച്ച പന്നിമുണ്ട – പുറക്കാടി–തുമ്പക്കുനി – കോൽക്കുഴി ഫോഡ് – 15 ലക്ഷം രൂപ കാപ്പിക്കുന്ന് – കോൽക്കുഴിപ്പാലം –ഒരപ്പ് വയൽ റോഡ് – 15 ലക്ഷം രൂപ എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയ കൺവീനർക്ക് 30 ലക്ഷം രൂപ അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ വിശദമായ ഒരു റിപ്പോർട്ട് സമർപ്പിക്കാൻ ഗ്രാമവികസന കമ്മീഷണറോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ നിയമനം (ഫയൽ നം. 18905/ഐ.ബി.1/12/തസ്വഭവ) തീയതി.13/6/12**

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ– ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകാൻ ബഹു പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25.04.2012–ൽ ചേർന്ന യോഗത്തിൽ ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു

1) മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച് 13.03.2012–ലെ ജി.ഒ(ആർ.റ്റി)നം.741/12/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പിൻവലിക്കാൻ തീരുമാനിച്ചു
2) 978 ഗ്രാമപഞ്ചായത്തുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ ഒരു വർഷത്തേയ്ക്ക് മാത്രം നിയമിക്കുന്നതാണ്.
3) ടെക്നിക്കൽ അസിസ്റ്റന്റുമാരെ തെരഞ്ഞെടുക്കേണ്ട ചുമതല അതാത് ഗ്രാമപഞ്ചായത്തുകൾക്ക് തന്നെയായിരിക്കും. പ്രസ്തുത പ്രതിമാസ വേതനമായ 13,500 അതാത് ഗ്രാമപഞ്ചായത്തുകൾ തന്നെ നേരിട്ട് ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് നൽകേണ്ടതാണ്. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ വിദ്യാഭ്യാസ യോഗ്യത ഐ.കെ.എം. നിർദ്ദേശിച്ച പ്രകാരം താഴെപ്പറയുന്നവ യായിരിക്കും.
   - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്/ഐ.എച്ച്.ആർ.ഡി/ കേരള സർക്കാർ നൽകുന്ന കമ്പ്യൂട്ടർ എൻജിനീയറിംഗ്/കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ്/ഇൻഫർമേഷൻ ടെക്നോളജി ത്രിവൽസര ഡിപ്ലോമ
   - ഏതെങ്കിലും ബുരുദം നേടിയ ശേഷം ഏതെങ്കിലും സർവകലാശാല/ടെക്നിക്കൽ എഡ്യുക്കേഷൻ കൺട്രോളർ/ഐ.എച്ച്.ആർ.ഡി/എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി –ൽ നിന്നുള്ള 3 സെമസ്റ്ററിൽ കുറയാത്ത മുഴുവൻ സമയ പി.ജി.ഡി.സി.എ/പിഡി.എസ്.ഇ
   - കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദം (ബി.സി.എ)
   - ഭാരത സർക്കാരിന്റെ ഡിഒഇഎസിസി –ൽ നിന്നുള്ള എ/ബി ലവൽ സർട്ടിഫിക്കറ്റ്
   - ബി.ടെക്/ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്
   - ഇലക്ട്രോണിക് ഡാറ്റാ പ്രോസസിംഗിലും കമ്പ്യൂട്ടർ ആപ്ലിക്കഷനിലുമുള്ള ബിരുദം
4) പ്രസ്തുത ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ വേതനവും പരിശീലനത്തിനുള്ള ചെലവും അതാത് പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്.
5) പുതുതായി നിയോഗിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ ഭരണപരമായ നിയന്ത്രണം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്കും സാങ്കേതിക കാരങ്ങളുടെ നിയന്ത്രണം ഐ.കെ.എംനും ആയിരിക്കും.
6) ഈ കാലയളവിൽ ഓരോ ഗ്രാമപഞ്ചായത്തിന്റെയും ജീവനക്കാർക്ക് ഇ–ഗവേണൻസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഭാവിയിൽ അവർക്കു തന്നെ കൈകാര്യം ചെയ്യാവുന്ന തരത്തിൽ വിദഗദ്ധമായ പരിശീലനം നൽകേണ്ടതാണ്.
7) നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ സാങ്കേതിക സഹായം നൽകി വരുന്ന ഐ.കെ.എം. നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റ്/ടെക്നിക്കൽ ഓഫീസർമാരെ ബ്ലോക്ക് പഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലും നിയോഗിക്കാവുന്നതാണ്.
8) ബ്ലോക്ക്/ജില്ലാ പഞ്ചായത്തിൽ നിയോഗിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ വേതനം നൽകുന്നതിലേയ്ക്ക് പ്രതിവർഷം 1,62,000 രൂപ (പ്രതിമാസം 13,500 രൂപാ നിരക്കിൽ) പ്ലാൻ ഫണ്ടിൽ വകയിരുത്തി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും മുൻകൂറായി ഐ.കെ.എം.ന് നൽകേണ്ടതാണ്.
9) ബ്ലോക്ക് ജില്ലാ പഞ്ചായത്തിലെ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഉത്തരവാദിത്വവും കൂടാതെ അതാത് ബ്ലോക്ക്/ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പൂർണ്ണമായ മേൽനോട്ടവും ഐ.കെ.എം.–ലെ ബ്ലോക്ക് /ബ്ലോക്ക് ജില്ലാ പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റിനായിരിക്കും. ഇവരുടെ ഭരണപരമായ അധികാരങ്ങളും സാങ്കേതിക കാര്യങ്ങളുടെ നിയന്ത്രണവും ഐ.കെ.എം.–ൽ നിക്ഷിപ്തമായിരിക്കും.

10) ഒരു വർഷത്തിനുശേഷം, ഐ.കെ.എം–ന്റെ ടെക്നിക്കൽ അസിസ്റ്റന്റുമാർ ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ നൽകി വരുന്ന സേവനം തുടർന്നും നൽകേണ്ട താണ്.
11) ജില്ലാ ടെക്നിക്കൽ ഓഫീസർമാർ നിലവിലുള്ളതുപോലെ തന്നെ ജില്ലാതല ത്തിൽ ഇ–ഗവേണൻസ് പ്രവർത്തനങ്ങളുടെ മേൽനോട്ടവും, കോഓർഡിനേഷനും തുടർന്നും നിർവഹിക്കേണ്ടതാണ്.
12) നഗരസഭകളിൽ നിയോഗിച്ചിരിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റ്/ടെക്നിക്കൽ ഓഫീസർമാരുടെ സേവന വ്യവസ്ഥകൾ നിലവിലുള്ളതുപോലെ തുടരുന്നതാണ്.

പ്രസ്തുത തീരുമാനങ്ങൾ അംഗീകരിച്ച് ടി ക്രമീകരണം 2013 മാർച്ച് വരെ മതി എന്നും അതിനുശേഷം പുനഃ പരിശോധിക്കാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 വളയം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 15967/ഡി.എ2/12/തസ്വഭവ) തീയതി.13/6/12**

മാലിന്യ നിർമ്മാർജ്ജന പദ്ധതിയിൽ ടെണ്ടർ നടപടി പാലിക്കാതെ സ്വീകരിച്ച നടപടികൾ അംഗീകരിക്കണമെന്ന ആവശ്യത്തിൻമേൽ ശുചിത്വ മിഷൻ വാല്യുവേഷൻ നടത്താനും അതുപ്രകാരം തുക നൽകാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പയ്യന്നൂർ നഗരസഭ (ഫയൽ നം. 13575/ഡി.എ3/12/തസ്വഭവ) തീയതി.13/6/12**

മുനിസിപ്പൽ കൗൺസിലിന്റെ ഏകകണ്ഠ തീരുമാനം ഉണ്ടെങ്കിൽ കളക്ടറുടെ വാലുവേഷനിൽ 30% അധികമായി നൽകാവുന്നതാണെന്നും അത് സംബന്ധിച്ച ഉത്തരവ് പാലിക്കേണ്ടതാണെന്നും തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കുന്നുകര ഗ്രാമപഞ്ചായത്ത് (ഫയൽ നം. 22860/ഡി. ബി/12/തസ്വഭവ) തീയതി.13/6/12**

പൊതുശ്മശാനത്തിന് സ്ഥലം ഏറ്റെടുത്തതു സംബന്ധിച്ച് കളക്ടർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 തിരുവനന്തപുരം നഗരസഭ (ഫയൽ നം. 31752/ഡി. സി2/12/തസ്വഭവ) തീയതി.13/6/12**

രാജാജി നഗർ കോളനിയിൽ ടോയ്ലറ്റ് നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്തത് അധികരിച്ച നിരക്ക് നൽകുന്നത് സംബന്ധിച്ച് അനുമതിക്കായി അപേക്ഷിച്ചതിൻമേൽ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ അഭിപ്രായം ആരായാൻ തീരുമാനിച്ചു. തുക സംബന്ധിച്ച കൂടുതൽ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പേരയം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 33653/ഡി. എ3/12/തസ്വഭവ) തീയതി.13/6/12**

തനതുഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ ചെലവുചെയ്ത് ബൾബ്, ട്യൂബ് മുതലാവ വാങ്ങി നൽകുന്നതിന് നടപടിക്രമങ്ങൾ പാലിച്ച് ചെയ്യുന്നതിന് അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പുതനഗരം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 33537/ഡി. ബി1/12/തസ്വഭവ) തീയതി.13/6/12**

ഇ.എം.എസ്. ഭവന പദ്ധതി 31.03.2012–ൽ അവസാനിച്ചിട്ടുള്ളതിനാൽ പുതിയ പദ്ധതി സംബന്ധിച്ച് തീരുമാനമെടുക്കുന്ന മുറയ്ക്ക് പൊതു ഉത്തരവ് നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 മാങ്കുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 32239/ഡി. ബി3/12/തസ്വഭവ) തീയതി.13/6/12**

ആംബുലൻസ് വാങ്ങുന്നതിനുള്ള പദ്ധതി പ്രകാരം ചെലവു ചെയ്ത നടപടി ക്രമവൽക്കരിച്ചു നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കേരള സാമൂഹ്യ സുരക്ഷാ മിഷൻ (ഫയൽ നം. 33225/എഫ്.എം.3/12/തസ്വഭവ) തീയതി.13/6/12**

സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ അവശത അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ , ജില്ലാ പഞ്ചായത്ത്/കോർപ്പറേഷൻ 25 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി 10 ലക്ഷം രൂപ, ഗ്രാമപഞ്ചായത്ത് 5 ലക്ഷം രൂപ പരമാവധി നിരക്കിൽ ഈ വർഷം സംഭവാന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 പുനലൂർ നഗരസഭ (ഫയൽ നം. 17478/ഡി.സി.3/12/തസ്വഭവ) തീയതി.13/6/12**

നഗരസഭയിലെ ശ്രീരാമപുരം മാർക്കറ്റ് നവീകരണത്തിന് DPR പുതുക്കി തയ്യാറാക്കുന്നതിന് ജി.ഒ (ആർ.റ്റി) 484/2005 പ്രകാരം ആർക്കിടെക്ചറൽ ഡിസൈൻ, സ്ട്രക്ചറൽ ഡിസൈൻ എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെടുന്നുണ്ടെങ്കിൽ 2.35% നിരക്കിൽ ഫീസ് അനുവദിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 പാലക്കാട് DRDAക്ക് വാഹനം വാങ്ങുന്നത് സംബന്ധിച്ച്**
**(ഫയൽ നം. 30575/ഡി.ബി.3/12/തസ്വഭവ) തീയതി.13/6/12**

പാലക്കാട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗ (DRDA)ത്തിന് 2005 മുതൽ 2011 വരെ ബാങ്ക് പലിശയായി ലഭിച്ച 44.925 ലക്ഷം രൂപയിൽ നിന്ന് 8 ലക്ഷം രൂപ വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് അനുമതി നൽകി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്(ഫയൽ നം. 31642/എഫ്.എം.2/12/തസ്വഭവ) തീയതി.13/6/12**

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ മാറഞ്ചേരിയിൽ പ്രവർത്തിക്കുന്ന സ്പെക്ട്രം സ്പെഷ്യൽ സ്ക്കൂളിൽ സർക്കാർ അനുവദിച്ചു കൊടുത്ത വാഹനം കടന്നു ചെല്ലാത്ത സ്ഥലങ്ങളിൽ പോകുന്നതിനായി പി.ടി.എ.യുടെ ഒരു ചെറിയ വാഹനവും ഉപയോഗിച്ചതിന്റെ ചെലവ് അനുവദിച്ചു കൊടുക്കുവാൻ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 തിരുവനന്തപുരം കോർപ്പറേഷൻ (ഫയൽ നം. 13980/ഡി.സി.2/12/തസ്വഭവ) തീയതി.13/6/12**

BSUP പ്രകാരം കരിമഠം കോളനി നവീകരണ പദ്ധതികൾക്ക് കോസ്റ്റ്ഫോർഡിന് സ്ഥലം കൈമാറിയ സമയത്ത് നിലവിലുള്ള SOR പ്രകാരം അടങ്കൽ പുതുക്കുന്നതിന് അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 32201/ എഫ്.എം.1/12/തസ്വഭവ) തീയതി.13/6/12**

2011–12 വാർഷിക പദ്ധതിയിൽ പൊതുവിഭാഗം വികസനഫണ്ട് പൂർണ്ണമായും വിനിയോഗിച്ചതിനാൽ സർക്കാർ നിർദ്ദേശാനുസരണം കേരള സാമൂഹ്യസുരക്ഷാ മിഷനും , കില കോർപ്പസ് ഫണ്ടിനും ഒരു ലക്ഷം രൂപ വീതം പ്രത്യേക ഘടക പദ്ധതി (എസ്.സി.പി.) ഫണ്ടിൽ നിന്നും നൽകിയ നടപടി സാധൂകരിക്കണമെന്ന അപേക്ഷ നിരസിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 തഴക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം. 28559/ഡി.എ2/12/തസ്വഭവ) തീയതി.13/6/12**

2011–12 ജനകീയാസൂത്രണ പദ്ധതിയിൽ പഞ്ചായത്ത് പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തതിന് ചെലവഴിച്ച തുകയെ സംബന്ധിച്ച് പെർഫോർമൻസ് ഓഡിറ്റ് പരിശോധിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 ആലപ്പുഴ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 14721/എഫ്.എം.1/12/തസ്വഭവ) തീയതി.13/6/12**

2010–11 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 5 പദ്ധതികൾക്ക് അടങ്കൽ തുകയെക്കാൾ അധിക ചെലവ് ഉണ്ടായെന്നും ആയതിന് സാധൂകരണം വേണമെന്നും ആവശ്യപ്പെട്ടിട്ടുള്ളതിൻമേൽ പെർഫോർമൻസ് ആഡിറ്റ് പരിശോധിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 പാറത്തോട് ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് ബഹു ചീഫ് വിപ്പ് ശ്രീ. പി.സി.ജോർജ്ജ് ബഹു പഞ്ചായത്ത് മന്ത്രിക്ക് നൽകിയ നിവേദനം (ഫയൽ നം35573/ഡി.എ1/12/തസ്വഭവ തീയതി.13/6/12**

തനതു ഫണ്ടില്ലാത്തതിനാലും മറ്റു സാമ്പത്തിക മാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിയാത്തതിനാലും സർക്കാർ പ്രത്യേക ഫണ്ട് ഒരു പഞ്ചായത്തിനായി നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ പ്ലാൻ ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 താനൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 33535/ഡി.ഡി.2/12/തസ്വഭവ) തീയതി.13/6/12**

2011-12 സാമ്പത്തിക വർഷത്തിൽ 2,25,000 രൂപ വകയിരുത്തി പോഷകാഹാര കുറവുള്ള കുട്ടികൾക്ക് ആരോഗ്യ സംരക്ഷണത്തിനായി 'സഞ്ജീവനി' എന്ന പേരിൽ നടപ്പാക്കിയ പദ്ധതിക്ക് 17732 രൂപ ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകണമെന്നും, നടപ്പുവർഷത്തിൽ പദ്ധതി തുടരുന്നതിന് അനുതി ലഭ്യമാക്കണമെന്നും അപേക്ഷിരിക്കുന്നത് പരിഗണിച്ച് ഡി.പി.സി. അംഗീകാരമുള്ള പ്രോജക്ടിന് വീണ്ടും സർക്കാർ അനുമതി നൽകേണ്ടതില്ലാത്തതിനാൽ അഭ്യർത്ഥന നിരസിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 വേലൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 29819/ഡി.ബി.3/12/തസ്വഭവ) തീയതി.13/6/12**

2010-11 പദ്ധതിയിൽ ഉൾപ്പെടുത്തി പി.എച്ച്.സി,യുടെ ആവശ്യത്തിനും മറ്റുമായി വാങ്ങിയ ആംബുലൻസിന്റെ ആവർത്തന ചെലവുകൾ തനതു ഫണ്ടിൽ നിന്ന് വഹിക്കുന്നതിന് അനുമതി നൽകേണ്ടെന്നു തീരുമാനിച്ചു. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി തന്നെ ആവർത്തന ചെലവ് വഹിക്കേണ്ടതാണെന്നും അല്ലെങ്കിൽ മറ്റേതെങ്കിലും പഞ്ചായത്തിന് ആംബുലൻസ് കൈമാറ്റം ചെയ്ത് കൊടുക്കാമെന്നും തീരുമാനിച്ചു. ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ വേണ്ട സഹായം ചെയ്ത് കൊടുക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 പാലാ മുനിസിപ്പാലിറ്റി (ഫയൽ നം. 29281/ഡി.ബി.3/12/തസ്വഭവ)**എയിഡഡ് സ്ക്കൂളുകൾക്ക്

മുനിസിപ്പൽ ചെയർമാന്റെ ആവശ്യത്തിന് 8 ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയ്ക്ക് പുതിയ വാഹനം വാങ്ങാൻ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 തിരൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 32456/ഡി.ഡി.2/12/തസ്വഭവ) തീയതി.13/6/12**

പൊന്നാനി നഗരസഭയും ഇരുപതോളം വരുന്ന വിവിധ സൊസൈറ്റികളും പൊന്നാനി പോർട്ട് അധീനതയിൽ നിന്നും മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിൽ രണ്ടോ മൂന്നോ സോണുകൾ ബ്ലോക്ക് പഞ്ചായത്തിന് അനുവദിക്കണമെന്ന ആവശ്യം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലല്ലാത്തതിനാൽ നിരസിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 3098/എൻ.ഒ.ആർ /12/ എം(പഞ്ചായത്ത് & സോഷ്യൽ വെൽഫയർ ) തീയതി.13/6/12**

വികസനഫണ്ടിൽ നിന്നും 1 ലക്ഷം രൂപ വകയിരുത്തി വൃദ്ധ ജനങ്ങൾക്ക് പുതപ്പ് നൽകിയത് ഇനിയും ഈ രീതിയിലുള്ള നടപടികൾ ആവർത്തിക്കരുതെന്ന താക്കീതോടെ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 31364/എഫ്.എം.1/12/തസ്വഭവ തീയതി.13/6/12**

2009–10–ൽ പണി പൂർത്തിയാക്കിയ ഉപ്പള ഫയർ സ്റ്റേഷന്റെ കെട്ടിടത്തിന്റെ പേയ്മെന്റ് കോൺട്രാക്ടർക്ക് നൽകിയിട്ടില്ലാത്തതിനാൽ മെഷർമെന്റ് നടത്തി എം. ബുക്കിൽ രേഖപ്പെടുത്താനും ബിൽ തയ്യാറാക്കി തനത് ഫണ്ടിൽ നിന്നും നൽകാനും അനുമതി ആവശ്യപ്പെട്ടത് ചർച്ച ചെയ്യുകയും പെർഫോർമൻസ് ആഡിറ്റ് ടീം പരിശോധിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 കണ്ണൂർ ജില്ലാ പഞ്ചായത്ത് 2006– 07 മുതൽ 2009–10 ടെണ്ടർ കൂടാതെ കണ്ണൂർ ജില്ലാ , പ്രിന്റിംഗ് പബ്ലിംഗ് സഹകരണ സംഘത്തിനു നൽകിയതിന് അംഗീകാരം ലഭിക്കുന്നത് സംബന്ധിച്ച് (ഫയൽ നം. 59806/ഡി.ബി.1/10/തസ്വഭവ) തീയതി.13/6/12**

കണ്ണൂർ ജില്ലാ പഞ്ചായത്ത് 2006– 07 മുതൽ 2009–10 ടെണ്ടർ കൂടാതെ കണ്ണൂർ ജില്ലാ പ്രിന്റിംഗ്, പബ്ലിഷിംഗ് സഹകരണ സംഘത്തിന് നൽകിയ നടപടി അംഗീകരിക്കണമെന്ന ആവശ്യം പരിഗണിച്ച് ഓരോ വർഷത്തെയും കൈപുസ്തകത്തിന് ചെലവായ തുക പ്രത്യേകമായി എത്ര തുകയാണ് നൽകേണ്ടതെന്നും കാണിച്ച്(ബ്രേക്ക്അപ്പ്) റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 വടകര നഗരസഭ (ഫയൽ നം. 26327/ഡി.ബി.1/12/തസ്വഭവ തീയതി.13/6/12**

വടകര നഗരസഭാ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച 167 പേർക്ക് ധനസഹായം നൽകുന്നതിന് രണ്ടു മാസത്തെ സമയം കൂടി അനുവദിക്കണമെന്നും ആവശ്യപ്പെട്ടത് ചർച്ച ചെയ്ത് പുതിയ സ്കീം നടപ്പിൽ വരുമ്പോൾ ഇതു സംബന്ധിച്ച പൊതു ഉത്തരവ് പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 ഇൻഫർമേഷൻ കേരള മിഷൻ (ഫയൽ നം. 26437/ഐ.ബി1/12/തസ്വഭവ തീയതി.13/6/12**

കെൽട്രോണുമായി കരാറിലേർ പ്പെടാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാനും. സെർവർ കമ്പ്യൂട്ടറിന്റെ അറ്റകുറ്റപ്പണിക്കായി ഒറിജിനൽ എക്വിപ്മെന്റ് മാനുഫാക്ചററുമായി കെൽട്രോൺ കരാർ ഉണ്ടാക്കേണ്ടതും അതിനുള്ള ചെലവ് സെർവർ കമ്പ്യൂട്ടറിന്റെ എ.എം.സി തുകയായി നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാനും ഇത് ഐ.കെ.എം. മോണിട്ടർ ചെയ്യണമെന്നും തീരുമാനിച്ചു. കരാറിൽ റിപ്പയറിനെടുക്കാവുന്ന കൂടിയ സമയം, ആ സമയത്തിനുള്ളിൽ റിപ്പയർ നടത്തിയില്ലെങ്കിൽ പകരം കമ്പ്യൂട്ടർ നൽകുന്ന കാര്യം മുതലായവ ഉൾപ്പെടുത്തേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31** ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ ക്ഷീരസാഗരം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നേചർ ഫ്രഷ് കാലിത്തൊഴുത്തിന്റെ യൂണിറ്റ് കോസ്റ്റിന്റെ പരിധിയിൽ ഇളവ് നൽകി 40,000 രൂപയാക്കി വർദ്ധിപ്പിക്കാനും അതിന്റെ സബ്സിഡി 50% ആക്കാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം വൈകുന്നേരം 6.30–ന് അവസാനിച്ചു)